# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3435** — **18.02.2013-ൽ മറുപടിക്ക്**

## ആദൂർ-ഗ്വാളിമുഖ കാഷ്യൂ പ്രോജനി ഓർച്ചാഡിൽ വിതരണം ചെയ്യാത്ത് കശുമാവിൻ തൈകൾ

| ചോദ്യം<br>ശ്രീ.കെ കുഞ്ഞിരാമൻ (ഉദുമ) | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ പടിയത്തടുക്ക, കുണ്ടാർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ആദൂർ-ഗ്വാളിമുഖ കാഷ്യൂ പ്രോജനി ഓർച്ചാഡിൽ നടേണ്ട സമയം കഴിഞ്ഞിട്ടും വിതരണം ചെയ്യാത്ത എത്ര ലക്ഷം രൂപയുടെ കശുമാവിൻ തൈകൾ കെട്ടിക്കിടപ്പുണ്ടെന്ന് അറിയിക്കാമോ; | എ) 26,69,325/- (ഇരുപത്തി ആറ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി മുന്നൂറ്റി ഇരുപത്തഞ്ച്) രൂപയുടെ കശുമാവിൻ തൈകൾ വിതരണം ചെയ്യാതെ കെട്ടിക്കിടപ്പുണ്ട്. |
| ബി) മുൻ വർഷങ്ങളിൽ ഈ സ്ഥിതി ഉണ്ടായിരുന്നുവോ എന്നും ഇപ്രാവശ്യം ഈ സഹചര്യം ഉണ്ടാകാനുള്ള കാരണം എന്താണെന്നും അറിയിക്കാമോ; | ബി) ഉണ്ടായിരുന്നു. കൃഷി വകുപ്പ് മുഖേന കശുമാവ് വികസന പദ്ധതികൾ നടപ്പിലാക്കുന്നില്ല. കശുമാവ് വിതരണ ഏജൻസിയായ കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷൻ എന്ന സ്ഥാപനം യഥാസമയം കശുമാവിൻ ഗ്രാഫ്റ്റുകൾ വാങ്ങാത്തതാണ് ഇതിനു കാരണം. |
| (സി) നിലവിൽ കശുമാവ് വിതരണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; കൃഷിവകുപ്പ് നേരിട്ട് നടത്തിയ വിതരണം ഇത്തരത്തിൽ ഏജൻസിയെ ചുമതലപ്പെടുത്തുവാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ? | സി) കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷൻ (KSACC) എന്ന സ്ഥാപനത്തെയാണ് നിലവിൽ ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. കൃഷി വകുപ്പ് കശുമാവ് വികസന പദ്ധതികൾ നേരിട്ട് നടപ്പിലാക്കുന്നില്ല കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷൻ മുഖേന കർഷകർക്ക് കശുമാവ് വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |

Sreeja.

സെക്ഷൻ ഓഫീസർ